# സ്റ്റീവാർഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യ

**4, John Armstrong Road, Richards Town, PB 563, Bengaluru – 560 005**

03 August 2015

കർത്താവിൽ പ്രിയരേ,

സ്റ്റീവാർഡ്സ് (അഥവാ ഗൃഹവിചാരകന്മാർ) എന്ന വാക്ക് അർത്ഥമാക്കുന്നതുപോലെ നമ്മുടെ സഭകളുടെയും പ്രസ്ഥാനങ്ങളുടെയും വസ്തുവകകളുടെ ഗൃഹവിചാരകത്വം ഏറ്റവും വിശ്വസ്ഥതയോടും സത്യസന്ധതയോടും ദൈവേഷ്ടപ്രകാരം നിർവഹിക്കുക എന്ന ലക്ഷ്യമാണ് "സ്റ്റീവാർഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യയിൽ" നിക്ഷിപ്തമായിരിക്കുന്നത്. അപ്രകാരം പ്രാദേശിക സ്ഥലം സഭകളുടെയും, സുവിശേഷഘോഷണം എന്ന ആത്യന്തിക ലക്ഷ്യത്തിനു വേണ്ടി സ്ഥാപിതമായ നമ്മുടെ സ്കൂളുകൾ, ആശുപത്രികൾ, വൃദ്ധസദനങ്ങൾ തുടങ്ങി അനവധി പ്രസ്ഥാനങ്ങളുടെയും ഉന്നമനത്തിനു വേണ്ടിമാത്രം നിലകൊള്ളുന്ന ഗൃഹവിചാരകന്മാരുടെ സമിതിയാണ് **"സ്റ്റീവാർഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യ"** (SAI).

കഴിഞ്ഞ കാലങ്ങളിൽ നിന്നും അൽപം വ്യത്യസ്ഥമായി, നമ്മുടെ സ്ഥലം സഭകളോടും വിവിധ പ്രസ്ഥാനങ്ങളോടും ബന്ധപ്പെട്ട നിലവിലുള്ള പല കോടതികേസുകളും, മറ്റു ഗുരുതരമായ പ്രശ്നങ്ങളും, ഒരു പക്ഷെ ലഘൂകരിക്കുവാനോ ഇല്ലാതാക്കുവാനോ ആയിരിക്കാം ഈ നാളുകളിൽ ദൈവം തന്റെ തിരുഹിതപ്രകാരം തനിക്കു വിശ്വസിച്ചേൽപ്പിക്കാവുന്ന അർപ്പണബോധമുള്ള ചില വ്യക്തികളെ ഈ അസ്സോസിയേഷന്റെ അത്യന്തം ശ്രമകരമായ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചതും അങ്ങനെ അവർ ആ ദൌത്യം ഏറ്റെടുത്തതും.

അഖിലേന്ത്യാതലത്തിൽ ബാംഗ്ലൂർ ഓഫീസ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജനറൽ സെക്രട്ടറി, ചെയർമാൻ മുതൽ സംസ്ഥാനതലത്തിൽ ചെയർമാൻ, സെക്രട്ടറി, ഓഫീസ് മാനേജർ എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്ന എല്ലാ സഹോദരന്മാരും ദൈവത്തിന്റെ പ്രത്യേക വിളിയാൽ പ്രചോദിതരായി യാതൊരുവിധ പ്രതിഫലവും കൈപ്പറ്റാതെ നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്നവരാണ്. തീർച്ചയായും ദൈവത്തിന്റെ പ്രത്യേക കൃപയും ഉത്തേജനവും പരിജ്ഞാനവും ഇല്ലെങ്കിൽ ഇവർക്ക് ഈ കഠിനമായ വേല തുടർന്ന് കൊണ്ടുപോകുവാൻ ഒരിക്കലും സാധിക്കുകയില്ല. ആയതിലേക്ക് എല്ലാ സ്ഥലം സഭകളും ദൈവമക്കളും ഈ ഭാരമേറിയ ചുമതലകൾ നിർവഹിക്കുന്ന സഹോദരന്മാരെയും അവരുടെ കുടുംബങ്ങളെയും പ്രത്യേകം പ്രാർത്ഥനയിൽ വഹിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

കേരളത്തിലെ നമ്മുടെ സ്റ്റീവാർഡ്സ് വക സ്ഥാപനങ്ങളിൽ ഏറ്റവും സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ് ഏതാണ്ട് 100-ൽ പരം വർഷങ്ങൾക്കു മുൻപ് ബഹുമാന്യനായ നോയൽ സായ്പ് അവർകൾ തന്റെ വസ്തുവകകൾ എല്ലാം വിറ്റ് പണിതുയർത്തിയ 18 നോയൽ മെമ്മോറിയൽ സ്കൂളുകൾ. ഈ സ്കൂളുകളുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. കേരളത്തിലെ ബ്രദറൺ വിശ്വാസികളുടെ പ്രതിച്ഛായയുടെ തന്നെ നിദാനമായിരിക്കുന്ന ഈ പതിനെട്ട് സർക്കാർ സഹായം ലഭിക്കുന്ന (Govt Aided) സ്കൂളുകളുടെ പുനർനിർമ്മാണവും അവയെല്ലാം തൽസ്ഥലത്ത് ഓരോ "വൈശിഷ്ട്യ കേന്ദ്രങ്ങൾ" (Centre for Excellence) ആയിത്തീരണമെന്നാണ് ഇതിനു ബീജാവാപം നൽകിയ മിഷ്യണറിയും സർവ്വോപരി ദൈവവും ആഗ്രഹിക്കുന്നത്. ഈ നാളുകളിൽ ഈ പ്രത്യേക വിഷയം ചിലരോടെങ്കിലും പങ്കുവച്ചപ്പോൾ, കേരളക്കരയിലെ ബഹുഭൂരി പക്ഷം വിശ്വാസികളുടെയും, ആ കലാലയങ്ങളിൽ പഠിച്ചവരും, പഠിപ്പിച്ചവരും ഏതെങ്കിലും വിധത്തിൽ അവയോട് ബന്ധപ്പെട്ടവരുടെയുമെല്ലാം ഒരു സ്വപ്നമായി ഈ വിഷയം മാറിക്കഴിഞ്ഞു എന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. അങ്ങിനെയെങ്കിൽ നമ്മുടെ ഈ വലിയ സ്വപ്നം സക്ഷാത്കരിക്കാനുള്ള ആദ്യപടികൾ തുടങ്ങിക്കഴിഞ്ഞു എന്ന് നിങ്ങളെ അറിയിക്കുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. സ്കൂളുകളുടെ ചുമതല ഏറ്റെടുക്കാനായി ദൈവഭയമുള്ള പ്രഗൽഭനായ ഒരു വ്യക്തിയെ ദൈവം നമുക്ക് ചൂണ്ടിക്കാണിച്ച് തരികയും താൻ ആ വേല വളരെ ആത്മാർത്ഥതയോടും സത്യസന്ധതയോടും വൈദഗ്ധ്യത്തോടും നിർവ്വഹിച്ചു വരികയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള ബ്രദറൺ വിശ്വാസികളുടെയും നമ്മുടെ ഈ സ്കൂളുകളുമായി ബന്ധപ്പെട്ട എല്ലാ പ്രിയപ്പെട്ടവരുടെയും പൂർണ്ണമായ സഹായ സഹകരണത്തോടെ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് ഈ ശ്രമസാധ്യമായ ഉദ്യമം സഫലമാകുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

സ്റ്റീവാർഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യ യുടെ പേരിൽ ഇതുവരെ രജിസ്റ്റർ ചെയ്തതും മേലിൽ രജിസ്റ്റർ ചെയ്യുവാനുമിരിക്കുന്ന സ്ഥലം സഭകളിലെയും നമ്മുടെ സ്ഥാപനങ്ങളിലെയും ഉത്തരവാദിത്തപ്പെട്ട ദൈവമക്കളുടെ അറിവിലേക്ക്, ദേശത്തിന്റെ നിയമങ്ങൾക്ക് വിധേയമായും SAI ഓഫിസിന്റെ ഫലപ്രദമായ കൃത്യനിർവഹണത്തിനും സഹായകരമായി താഴെപ്പറയുന്ന വസ്തുതകൾ പ്രസ്താവിച്ചുകൊള്ളട്ടെ.

- SAI-യുടെ പ്രവർത്തനത്തെയും വിവിധ ശുശ്രൂഷകളെയും കുറിച്ച് ദൈവജനത്തിന് മനസ്സിലാക്കുവാനും, എല്ലാ കാര്യങ്ങളിലും കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമായി കഴിവുള്ളടത്തോളം സുതാര്യത നിലനിർത്തുവാനും SAI-ക്ക് സ്വന്തമായി ഒരു വെബ്സൈറ്റ്(website) താമസിയാതെ പ്രവർത്തനക്ഷമമാക്കുന്നതാണ്. വിവിധ വസ്തുരേഖകളുടെ സംരക്ഷണം സംബന്ധിച്ച് ഒരു ആശങ്കക്കും വകയില്ലാത്തവണ്ണം ഇവയെല്ലാം കംപ്യൂട്ടർവൽക്കരിച്ച് ക്രമീകൃതമായ നിലയിൽ സൂക്ഷിക്കുവാൻ കുമ്പനാട് ഓഫീസിൽ അതിനുള്ള സജ്ജീകരണം ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു.

- SAI-യുടെ പേരിൽ വസ്തുവകകൾ വാങ്ങുമ്പോൾ ആധാരം തയ്യാറാക്കേണ്ട മാതൃക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ആവശ്യമെങ്കിൽ മതിയായ ഉപദേശങ്ങളും ഓഫീസിൽ നിന്നും നേടാവുന്നതാണ്. കൂടാതെ അവയുടെ വിവിധ രേഖകൾ വിദഗ്ധ നിരീക്ഷണത്താൽ ഉറപ്പാക്കി ബോധ്യപ്പെടുന്നത് ഭാവിയിൽ വസ്തുവിന്റെ മേൽ പ്രശ്നങ്ങൾ വരാതിരിക്കുവാൻ സഹായിക്കും.

- പുതുതായി വാങ്ങിയ വസ്തുവിന്റെ പോക്കുവരവ് അസ്സോസിയേഷന്റെ പേരിൽ നടത്തിയതിനു ശേഷം അസ്സൽ ആധാരം, മുൻ ആധാരം, ബാധ്യത സർട്ടിഫിക്കറ്റ്, കരം അടച്ചത്തിന്റെ രസീതും, കൂടാതെ മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വസ്തുവകകളുടെ അതതു വർഷം കരം അടച്ച രസീതും കുമ്പനാട് SAI ഓഫീസിൽ നേരിട്ടെത്തിക്കാൻ സാധിക്കുന്നില്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തരം അയച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്.

- ആധാരത്തിന്റെ ഫോട്ടോകോപ്പി അതതു സ്ഥലം സഭകളിൽ സൂക്ഷിക്കുകയാണെങ്കിൽ ഏതൊരാവശ്യത്തിനും പെട്ടെന്ന് ഉപയോഗിക്കുവാൻ സാധിക്കും. ഈ ബന്ധത്തിൽ കേരളത്തിലെ സഭകൾക്ക് കുമ്പനാട് SAI ഓഫീസിന്റെ സഹായം എപ്പൊഴും ലഭ്യമാക്കുന്നതാണ്.

- സാധാരണയായി സഭാഹാളുകളുടെയും, സെമിത്തേരികളുടെയും സ്ഥാപനങ്ങളുടെയും സംരക്ഷണം അവരവരാണ് ഏറ്റെടുത്ത് നടത്തുന്നത്. ഈ അവസരത്തിൽ ഏതെങ്കിലും വിധമായ പ്രശ്നങ്ങൾ വരികയാണെങ്കിൽ, കുമ്പനാട് SAI ഓഫീസുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ അപ്രകാരം പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ബാംഗ്ലൂർ ഓഫീസും നിങ്ങളുടെ സഹായത്തിനു എപ്പൊഴും ഒരുക്കമുള്ളവരായിരിക്കും.

- സർക്കാർ നിയമത്തിനനുസൃതമായി പലവിധ രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ ക്രിസ്തീയ സഭകൾ ബാധ്യസ്ഥരാണല്ലോ. ഇപ്രകാരമുള്ള രജിസ്റ്ററുകളുടെ മാതൃക നിയമാനുസൃണമായി ഉണ്ടാക്കി കുമ്പനാട് ഓഫീസിൽ നിന്നും അധികം താമസിയാതെ ലഭിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു.

- പുതുതായി പണികഴിപ്പിക്കുന്ന സഭാമന്ദിരങ്ങൾക്ക് ഏതാണ്ട് എഴുപതിനായിരം രൂപ വരെ SAI-ൽ നിന്ന് Roofing Grant നൽകുവാൻ ദൈവം വിദേശീയരായ സഹോദരവൃന്ദത്തെ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. നിർദ്ധനരായ സഹോദരീ സഹോദരന്മാർ കൂടിവരുന്ന പുതിയ സഭാഹാൾ നിർമ്മി തിക്ക് വേണ്ടി ഇതിലധികമായി നൽകുവാൻ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിലും പലപ്പോഴും അതിന് സാധിക്കുന്നില്ല. മാത്രവുമല്ല, കേരളത്തിനു പുറത്തുള്ള പുതുതായി ദൈവഭാ ഗത്തേക്ക് കടന്നുവരുന്ന വിശ്വാസികളുടെ കൂട്ടത്തിനു വേണ്ടിയുള്ള സഭാഹാളുകൾക്ക് കൂടുതലായുള്ള സഹായം നൽകുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നു എന്നുള്ളതും ഒരു വസ്തുതയാണ്

ഈ പ്രസ്താവന അവസാനിപ്പിക്കുന്നതിന് മുന്പ്, ഒരു വിഷയം കൂടി ദൈവജനത്തിനു മുൻപാകെ സമർക്കുവാൻ ആഗ്രഹിക്കുന്നു. SAI-യുടെ പ്രവർനവും നിലനിൽപും ഈ അസ്സോസിയേഷന് വേണ്ടിയല്ല, പ്രത്യുത ദൈവനാമമഹത്വത്തിന് വേണ്ടി നമുക്ക് ലഭിച്ചിരിക്കുന്ന സഭാഹാളുകൾക്കും നമ്മുടെ പ്രസ്ഥാനങ്ങൾക്കും സർക്കാർ തലത്തിൽ നിന്നോ, പുറമേ നിന്നോ ഉള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ വേണ്ടി നമുക്ക് ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ ഒരു പ്രത്യേക കരുതൽ സംവിധാനമാണെന്നും ആയതിനാൽ, "സ്റ്റീവാര്ഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യ" യെയും, അതിൽ നിസ്വാർത്ഥമായി വേല ചെയ്യുന്ന സഹോദരന്മാരെയും ഓർത്ത് എല്ലാ സ്ഥലം സഭകളും സഹോദരീ സഹോദരന്മാരും സഭയായും വ്യകതിപരമായും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, അവർ ചെയ്യുന്ന ശ്രമകരമായ പൂർണ്ണസമയ സേവനത്തിൽ അവരെ ഉൽസാപ്പിക്കുകയും ചെയ്യണമേ എന്നും വിനീതമായി അഭ്യർത്ഥിക്കുന്നു. ആ നിലയിൽ ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകട്ടെ..

അങ്ങനെയെങ്കിൽ നമുക്ക് പരിഹരിക്കുവാൻ സാധിക്കാത്ത ഒരു പ്രശ്നവും നമ്മുടെ മുൻപിൽ അവശേഷിക്കുകയില്ല.. ഒരു കോടതിയുടെ മുൻപാകെയും നമുക്ക് പോകേണ്ടി വരികയില്ല. ദേശത്തിലെ പുതുതായി വരുന്ന നിയമങ്ങൾ വിശ്വാസികൾക്ക് വളരെ ഉത്കണ്ഠ ഉളവാക്കുന്ന ഈ നാളുകളിൽ നമ്മുടെ ഒരുമയും കൂട്ടായ്മയും ഏറ്റവും അത്യന്താപേക്ഷിതമായിരിക്കുന്നു.. അപ്രകാരം ദൈവം നമ്മെ "വീണ്ടെടുക്കപ്പെട്ട ദൈവജനം" എന്ന നിലയിൽ കാക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

കേരളത്തിലെ സ്റ്റീവാർഡ്സ് ഓഫീസുമായി അനുബന്ധിച്ച കാര്യങ്ങൾക്കും സ്കൂളുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും താഴെക്കൊടുത്തിരിക്കുന്ന ചുമതലപ്പെട്ട സഹോദരന്മാരുമായി ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.


Adv. Baby Paul, Chairman (M: +91 9995022921)
Jacob Thomas Elimullil, Secretary (M: +91 8547093444)
K P. Baby, Office Manager (M: +91 9495836630, Office: 0469-2664333)
K M. Thomas, N M. Schools Corporate Manager (M: +91 9446286061, Office:0469-2665989 / 2670851)


എന്ന് ക്രിസ്തുവിൽ നിങ്ങളുടെ കൂട്ടുസഹോദരന്മാർ,

Sd/-

**Adv. RAJU M. KOSHY**
General Secretary and Treasurer

Sd/-

**Dr. M P. JOSPEH**
Chairman